# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1935

16.02.2016 ൽ മറുപടിയ്ക്ക്

## മുഹമ്മദ് ഫൈസലിന്റെ പരാതി

### ചോദ്യം

**ശ്രീ. പി. ഉബൈദുള്ള**

(എ) മലപ്പുറം പോലീസ് സ്റ്റേഷനിൽ 160672/2015 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത മുഹമ്മദ് ഫൈസലിന്റെ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) പരാതി തുടരന്വേഷണത്തിനായി സൈബർ സെല്ലിലേക്ക് അയച്ചുകൊടുത്തിരുന്നോ എന്നറിയിക്കാമോ ;

(സി) എങ്കിൽ അതിൽ സൈബർ സെൽ നടത്തിയ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ ;

(ഡി) നഷ്ടപ്പെട്ട വസ്തുക്കൾ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുമോ?

### മറുപടി

**ശ്രീ. രമേശ് ചെന്നിത്തല**
**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)**

(എ) ശ്രീ. മുഹമ്മദ് ഫൈസൽ എന്നയാളുടെ മൊബൈൽ ഫോൺ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട പരാതി മലപ്പുറം പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതും ആയത് 160672/2015 നമ്പർ പ്രകാരം പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത പരാതി തുടരന്വേഷണത്തിനായി മലപ്പുറം സൈബർ സെല്ലിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

(ബി) നഷ്ടപ്പെട്ട മൊബൈൽ ഫോൺ കണ്ടുപിടിക്കുന്നതിന് പ്രസ്തുത ഫോണിന്റെ IMEI നമ്പറുകൾ സഹിതം മലപ്പുറം സൈബർ സെല്ലിലേക്ക് അയച്ച് കൊടുത്തിട്ടുള്ളതാണ്.

(സി) & (ഡി) നഷ്ടപ്പെട്ട മൊബൈൽ ഫോണിന്റെ IMEI നമ്പറുകൾ 14.12.2015 തീയതി മലപ്പുറം സൈബർ സെല്ലിൽ നിന്നും വിവിധ മൊബൈൽ കമ്പനികളിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതും എന്നാൽ നഷ്ടപ്പെട്ട മൊബൈൽ ഫോൺ ഇപ്പോൾ ആരും ഉപയോഗിക്കുന്നില്ല എന്ന വിവരം ബി.എസ്.എൻ.എൽ, എയർടെൽ, വോഡാഫോൺ, ടാറ്റ, എന്നീ കമ്പനികളിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്. ഐഡിയ, റിലയൻസ് എന്നീ കമ്പനികളുടെ മറുപടികൾ ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത IMEI നമ്പറുകൾ ട്രേസ് ചെയ്യുന്നതിനായി വീണ്ടും അപേക്ഷ നൽകിയിട്ടുള്ളതും നഷ്ടപ്പെട്ട മൊബൈൽ ഫോൺ കണ്ടുപിടിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നതുമാണ്.

സെക്ഷൻ ഓഫീസർ